# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5278 27.07.2015-ലെ മറുപടിക്ക്

## ആറ്റിങ്ങൽ, കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസുകളിലെ ഓൺലൈൻ സംവിധാനത്തിലെ തകരാർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ബി. സത്യൻ** | | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | ആറ്റിങ്ങൽ, കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസുകളിൽ നിരന്തരമുണ്ടാകുന്ന ഓൺലൈൻ തകരാറുകൾ പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (എ) | നിരന്തരം ഓൺലൈൻ തകരാറുണ്ടാകാറില്ല. നിലവിൽ, കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് അടിസ്ഥാനമാക്കി, ബി.എസ്.എൻ.എല്ലിന്റെ ലീസ്ഡ് സർക്യൂട്ടുകൾ ഉപയോഗിച്ചുകൊണ്ടാണ് സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ സംവിധാനം പ്രവർത്തിക്കുന്നത്. ഇതിൽ തകരാറുകൾ വരുന്നപക്ഷം ഓൺലൈൻ സംവിധാനം പ്രവർത്തിക്കില്ല. ഇതിന് പരിഹാരമായി ഒരു ബാക്കപ്പ് ലൈൻ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഓൺലൈൻ സംവിധാനം തകരാറാകുന്നത് കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തിരമായി ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | ഓൺലൈൻ സംവിധാനം തകരാറാകുന്നതുകാരണം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇതിന് പരിഹാരമായി ഒരു ബാക്കപ്പ് ലൈൻ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ